**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1207 12.03.2015-ൽ മറുപടി

## എളങ്കുന്നപ്പുഴയിലെ കുടുംബങ്ങൾക്ക് പട്ടയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ തീരദേശത്ത് വർഷങ്ങളായി താമസിച്ചുവരുന്ന 27 ഓളം കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിനായി സർക്കാരിനു സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ; | എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ 27 കുടുംബങ്ങൾക്ക് കടൽ ഭിത്തിയോട് ചേർന്നുള്ള സ്ഥലത്തിന് പട്ടയം നൽകണമെങ്കിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനിവാര്യമാണ്. ആയത് ലഭിച്ചിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത ഭൂമി CRZ പരിധിയിൽ വരുന്നതായതിനാൽ ടി സ്ഥലത്ത് കൺസ്ട്രക്ഷൻ അനുവദിക്കാമോ എന്ന വിഷയത്തിൽ CESS ന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| (ബി) | വേലിയേറ്റ മേഖലയിൽ നിന്നുള്ള നിശ്ചിതദൂര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയം അനുവദിക്കാനാവില്ലെന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി)യും (സി)യും<br>ഉണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11 (2) V പ്രകാരം കടലിന്റെ ഹൈവാട്ടർ മാർക്കിൽ നിന്നും 100 അടി ദൂര പരിധിയിലുള്ള ഭൂമി പതിച്ചു കൊടുക്കുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. |
| (സി) | പരമ്പരാഗതമായി മത്സ്യബന്ധനം നടത്തി ടി പ്രദേശത്ത് താമസിച്ചുവരുന്നവർക്ക് നിയമാനുസൃതമായി തുടർന്നും താമസിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ